A

# സമഗ്ര ശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണ്ണയം 2024–2025

502

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 5 — സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1**

**വായിക്കാം എഴുതാം**

മണിക്കല്ലിനെ പുഴ വീണ്ടും എടുത്തു നടന്നിരുന്നെങ്കിൽ അത് കൂടുതൽ കൂടുതൽ ചെറുതായേനെ. ഏറ്റവും ഒടുവിൽ മണൽത്തരിയായി മാറി കടലോരത്തെ അതിന്റെ സഹോദരങ്ങളുമായി ചേരുമായിരുന്നു. ആ മനോഹരമായ കടപ്പുറത്ത് കുട്ടികൾ പൂഴി മണലിലിരുന്ന് കളിക്കുകയും മണൽക്കൊട്ടാരങ്ങൾ പണിയുകയും ചെയ്യുമായിരുന്നു.

ഓർത്തു നോക്കൂ. ഒരു മണിക്കല്ലിന് ഇത്രമാത്രം കഥകൾ പറയാനുണ്ടെങ്കിൽ നമുക്കു ചുറ്റുമുള്ള പാറകൾക്കും പർവ്വതങ്ങൾക്കും മറ്റു വസ്തുക്കൾക്കും പറയാൻ എന്തെല്ലാം കഥകളുണ്ടാകും?

ജവഹർലാൽ നെഹ്റു

1. അത് കൂടുതൽ കൂടുതൽ ചെറുതായേനെ. ഏത്?
   എ. പുഴ
   ബി. പൂഴി
   സി. മണിക്കല്ല്
   ഡി. മണൽത്തരി
2. 'കടലോരത്തെ സഹോദരങ്ങൾ' എന്നു വിശേഷിപ്പിക്കുന്നത്.
   എ. പർവ്വതങ്ങളെ
   ബി. പാറകളെ
   സി. കടപ്പുറത്തെ
   ഡി. മണൽത്തരികളെ
3. കുട്ടികൾ പൂഴിമണലിലിരുന്ന് പണിയുന്നത് എന്താണ്?
   എ. മണിക്കല്ല്
   ബി. മണൽത്തരികൾ
   സി. മണൽക്കൊട്ടാരം
   ഡി. പർവ്വതം
4. പാറകൾക്കും പർവ്വതങ്ങൾക്കും മറ്റ് വസ്തുക്കൾക്കും പറയാൻ എന്തെല്ലാം കഥകളുണ്ടാകും? ആരുടെ കഥ ഓർത്താണ് ഈ പ്രസ്താവന.
   എ. മണലിന്റെ
   ബി. കടലിന്റെ
   സി. മണിക്കല്ലിന്റെ
   ഡി. പാറകളുടെ
5. മണിക്കല്ലിനെ എടുത്തു നടന്നതാരാണ്?
   എ. കടൽ
   ബി. പാറ
   സി. പുഴ
   ഡി. പർവ്വതം

**പ്രവർത്തനം 2**

എ. **യാത്രാനുഭവം**

'ഇടുക്കിയുടെ താജ്മഹൽ' എന്ന പാഠഭാഗത്തിലുള്ള അഖിലിന്റെയും അമ്മുവിന്റെയും യാത്രാനുഭവങ്ങൾ പരിചയപ്പെട്ടല്ലോ. ഇതുപോലെ ചെറുതും വലുതുമായ യാത്രകൾ നിങ്ങളും ചെയ്തിട്ടുണ്ടാകും. മനസ്സിൽ തങ്ങിനിൽക്കുന്ന യാത്രാനുഭവം പങ്കുവയ്ക്കുക.

ബി. 'എത്രയെത്ര മനുഷ്യൻമാർ പണിയെടുത്തിട്ടുണ്ടാവും. ഇത് കെട്ടിപ്പൊക്കാൻ' എന്തിനെക്കുറിച്ചാണ് ഈ പ്രസ്താവന?

(താജ്മഹൽ, ഇടുക്കി ഡാം, മുല്ലപ്പെരിയാർ ഡാം, കുറത്തിമല)

പ്രവർത്തനം 3 കത്ത്



ചിത്രത്തിൽ ആരെയൊക്കെയാണ് കാണുന്നത്? പോസ്റ്റ്മാനെ, വീട്ടമ്മയെ, കുഞ്ഞിനെ... , അല്ലേ? കത്തുകളിലൂടെ വിവരങ്ങൾ കൈമാറിയിരുന്ന കാലം നമുക്കുണ്ടായിരുന്നു. ഇപ്പോൾ മൊബൈൽ ഫോൺ സന്ദേശങ്ങളുടെ കാലമാണല്ലോ. കത്തെഴുത്തിന്റെ സുഖം അറിയണമെങ്കിൽ അതെഴുതുക തന്നെ വേണം!

ഓണാഘോഷത്തെക്കുറിച്ച് പ്രിയ സുഹൃത്തിന് കത്ത് തയ്യാറാക്കുക.

**പ്രവർത്തനം 4**

**എ. വിവരണം**

**പെരുമഴ**

മഴ മഴ പെരുമഴ പെയ്യുന്നു.
കള കള നാദം ഉയരുന്നു.
ഇടിയുടെ ശബ്ദം കേൾക്കുന്നു.
മിന്നാമിന്നികൾ പാറുന്നു
പെരുമഴ കുത്തി ഒലിക്കുന്നു
കുട്ടികൾ തുള്ളിച്ചാടുന്നു.

ആർദ്ര എ.എസ.

പെരുമഴയെക്കുറിച്ചാണ് ഈ കവിത. പുഴയുടെ കൂട്ടുകാരിയായ ചാറ്റൽ മഴയെ 'മഴ ചാറുമ്പോൾ' എന്ന കവിതയിലൂടെ പരിചയപ്പെട്ടല്ലോ. മഴയെ ഇഷ്ടപ്പെടുന്നവരും അല്ലാത്തവരും ഉണ്ടാകാം. മഴ തോർന്നൊഴിയുമ്പോഴുള്ള അവസ്ഥയെക്കുറിച്ച് വിവരണം തയ്യാറാക്കുക.

**ബി.** കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ല് ഏത്?

(മിന്നുതെല്ലാം പൊന്നല്ല, മണ്ണ് പൊന്നാക്കണം, പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്തു കാര്യം, പൊന്നും കുടത്തിന് പൊട്ടു വേണ്ട)

**പ്രവർത്തനം 5**

**എ. പ്രസംഗം**

ഇപ്പോൾ മഴയും പുഴയും
കാറ്റും കിളിയുമെല്ലാം
ഒന്നിച്ചു തുഴയുന്നുണ്ട്.
ഇനിയവർ തനിച്ചാവുമോ?

' കുടയോളം ഭൂമി' എന്ന യൂണിറ്റിലെ 'ഭൂമി' എന്ന കവിതയിലെ ഈ വരികൾ നിങ്ങൾ ഓർക്കുന്നില്ലേ? 'ഇനിയവർ തനിച്ചാവുമോ' എന്ന ചോദ്യം നമ്മളോടാണ്. പ്രകൃതി നേരിടുന്ന ആശങ്കകളാണ് ഇവിടെ തെളിയുന്നത്. 'മനുഷ്യനും പ്രകൃതിയും' എന്ന വിഷയത്തെക്കുറിച്ച് ലഘു പ്രസംഗം തയ്യാറാക്കുക.

**ബി.** 'താഴെ വീഴ്കയാലാകൃതി മാറും' - ആർക്ക്?

(വയലിന്, പെണ്ണാൾക്ക്, വാരിദത്തിന്, കാർമുകിലിന്)

**പ്രവർത്തനം 6. അനുഭവക്കുറിപ്പ്**

'നീർനാഗം' എന്ന പാഠഭാഗത്തിൽ ബഷീർ ചെയ്ത കുസൃതി എല്ലാവരെയും ചിരിപ്പിച്ചതാണല്ലോ. കുട്ടിക്കാലം കുസൃതികളുടെതും കൂടിയാണ്. ഓർക്കുമ്പോൾ ചിരി വരുന്ന എതെങ്കിലും ഒരനുഭവം പങ്കുവെയ്ക്കുക.